പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2878 **29-10-2026-ൽ മറുപടിയ്ക്ക്**

പൈപ്പ് ലൈൻ സ്ഥാപിക്കാനായി മുറിക്കുന്ന റോഡുകളുടെ പുനഃസ്ഥാപനത്തിലെ നിലവാരത്തകർച്ച

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. സജി ചെറിയാൻ ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

(എ) കുടിവെള്ള പദ്ധതിയ്ക്കായി സംസ്ഥാനത്തെ പൊതുമരാമത്തുറോഡുകൾ എത്ര കിലോ മീറ്റർ നീളത്തിൽ മുറിച്ചിട്ടുണ്ട്; അവയിൽ എത്ര കിലോ മീറ്റർ റോഡുകൾ വകുപ്പും കേരള വാട്ടർ അതോറിറ്റിയും പുനഃസ്ഥാപിച്ചിട്ടുണ്ട്; എത്ര കിലോ മീറ്റർ റോഡ് ഇനിയും പുനഃസ്ഥാപിക്കാൻ അവശേഷിക്കുന്നു; വ്യക്തമാക്കാമോ;

മറുപടി: പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് കീഴിൽ 125.56 കി.മീ കുടിവെള്ള പദ്ധതിക്കായി മുറിച്ചിട്ടുണ്ട്. ഇതിൽ 35.95 കി.മീ പൊതുമരാമത്ത് വകുപ്പും 30.04 കി.മീ കേരള വാട്ടർ അതോറിറ്റിയുമാണ് പുന:സ്ഥാപിച്ചിട്ടുള്ളത്. 59.57 കി.മീ റോഡ് ഇനിയും പുന:സ്ഥാപിക്കുവാനുണ്ട്.

പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിന്റെ കീഴിൽ കുടിവെള്ള പദ്ധതിക്കായി 246.02 കി.മീ റോഡ് മുറിച്ചിട്ടുണ്ട്. അതിൽ 142.99 കി.മീ പൂർണ്ണമായും 92.33 കി.മീ ഭാഗികമായും പുന:സ്ഥാപിച്ചിട്ടുണ്ട്. 10.80 കി.മീ പൂർണ്ണമായി പുന:സ്ഥാപിക്കാൻ അവശേഷിക്കുന്നു.

കേരള റോഡ് ഫണ്ട് ബോർഡിന്റെ അധീനതയിലുള്ള റോഡുകളിൽ കുടിവെള്ള പദ്ധതിയ്ക്കായി 2021-നു ശേഷം ഏകദേശം 8 കി.മീ റോഡുകൾ വാട്ടർ അതോറിറ്റിയുടെ നേതൃത്വത്തിൽ മുറിച്ചിട്ടുണ്ട്. ഇതിനു ശേഷം ടി റോഡുകൾ കെ.ആർ.എഫ്.ബി-യുടെ നേതൃത്വത്തിൽ BM & BC നിലവാരത്തിൽ പുനർനിർമ്മിച്ചിട്ടുണ്ട്.

(ബി) പുതുതായി നിർമ്മിച്ച റോഡുകൾ ഏതാനും മാസങ്ങൾക്കുള്ളിൽ കുടിവെള്ള പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനായി മുറിയ്ക്കേണ്ടി വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: സാധാരണഗതിയിൽ റോഡ് നിർമ്മിച്ച ഉടനെ മുറിയ്ക്കുന്നതിന് അനുവാദം നൽകാറില്ല. എന്നാൽ അടിയന്തര ഘട്ടങ്ങളിൽ 14.02.2023 തീയതിയിലെ സ.ഉ(എം.എസ്)നം. 11/2023/PWD -ന്റെ അടിസ്ഥാനത്തിൽ അനുവാദം നൽകാറുണ്ട്.

ദേശീയപാത വിഭാഗത്തിന്റെ പരിധിയിലുള്ള റോഡുകളിൽ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾക്ക് വിധേയമായിട്ടാണ് പൈപ്പുകളോ കേബിളുകളോ ഇടുന്നതിനുള്ള അനുമതി നൽകുന്നത്. പ്രസ്തുത അപേക്ഷകൾ MoRTH പോർട്ടൽ വഴി ഓൺലൈൻ ആയിട്ടാണ് സമർപ്പിക്കുന്നത്. RO MoRTH ആണ് അനുമതി നൽകുന്നത്.

(സി) ഇപ്രകാരം മുറിയ്ക്കുന്ന റോഡുകൾ കേരളാവാട്ടർ അതോറിറ്റി തന്നെ പുനഃസ്ഥാപിക്കുന്ന സാഹചര്യത്തിൽ മതിയായ ഗുണനിലവാരം പാലിയ്ക്കപ്പെടുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

<u>മറുപടി:</u> കേരള വാട്ടർ അതോറിറ്റി തന്നെ പുന:സ്ഥാപിക്കേണ്ട പ്രവൃത്തികൾക്ക് റോഡ് കട്ടിംഗ് അനുവാദം നൽകുന്നത് 14.02.2023 തീയതിയിലെ സ.ഉ(എം.എസ്) 11/2023/PWD നമ്പർ ഉത്തരവ് പ്രകാരമാണ്. ഇതിലെ വ്യവസ്ഥകൾ പാലിക്കുന്നതിൽ ചില സ്ഥലങ്ങളിൽ വീഴ്ച വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ കേരള വാട്ടർ അതോറിറ്റിക്ക് നോട്ടീസ് നൽകുകയും കൃത്യമായ ഗുണനിലവാരം ഉറപ്പാക്കി റെസ്റ്റോറേഷൻ പ്രവൃത്തി നടത്താൻ നിർദ്ദേശിക്കുകയും ചെയ്യാറുണ്ട്.

(ഡി) ഇത്തരം സാഹചര്യങ്ങൾ കാരണം ഖജനാവിനുണ്ടാകുന്ന നഷ്ടവും അധിക ചെലവും തടയുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;ഇല്ലെങ്കിൽ എന്തെല്ലാം നടപടികൾ, മുൻകരുതലുകൾ സ്വീകരിക്കും എന്ന് വിശദമാക്കാമോ?

<u>മറുപടി:</u> നിലവിൽ ഗുണനിലവാരം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ കർശനമായ നിരീക്ഷണം നടത്തുന്നതിനും, പാഴ് ചെലവ് കുറയ്ക്കുന്നതിനുമുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിന്റെ കീഴിൽ ഡി.പി.ആർ പ്രവൃത്തി നടക്കുന്ന ദേശീയ പാതകളിൽ റോഡ് നിർമ്മിക്കുമ്പോൾ തന്നെ പെർമനന്റ് യൂട്ടിലിറ്റി ഡക്ട് നിർമ്മിക്കാനുള്ള പ്രൊവിഷൻ നൽകാറുണ്ട്. ആയത് നിലവിൽ വരുന്ന പക്ഷം ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ